# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 591** **10-03-2015-ലെ മറുപടിയ്ക്ക്**

## കാരുണ്യാ ചികിത്സാ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ് :** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) | കാരുണ്യചികിത്സാ പദ്ധതിയിൽ നിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | എ) | കാരുണ്യ ചികിത്സാ പദ്ധതിയിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിന് അധികമായ കാലതാമസം ഉണ്ടാകുന്നില്ല. ചികിത്സാ സഹായം ലഭിക്കുന്നതിന് വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്ന രോഗികൾക്ക് അടിയന്തിരമായി ചികിത്സാ സഹായം ലഭിക്കുന്നതിന് ആശുപത്രികളിലേക്ക് 48 മണിക്കൂറിനുള്ളിൽ പ്രീ ഓതറൈസേഷൻ നൽകുന്നതിന് അതതു ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലേക്ക് ഇംപ്രസ്റ്റ് മണിയും നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി അഡ്മിനിസ്ട്രേറ്ററും അടിയന്തിര സന്ദർഭങ്ങളിൽ പ്രീ ഓതറൈസേഷൻ അനുവദിക്കുന്നുണ്ട്. ഡയാലിസിസ് രോഗികൾക്ക് ചികിത്സാ എസ്റ്റിമേറ്റ് അനുസരിച്ചുള്ള ആശുപത്രികളിൽ നിന്നും ലഭിയ്ക്കുന്ന ടൈം ഷെഡ്യൂൾ ലഭിയ്ക്കുന്ന മുറയ്ക്ക് ചികിത്സാ സഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്. |
| ബി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുമുള്ള ധനസഹായം രോഗികൾക്ക് നേരിട്ട് നൽകുന്നതിനെകുറിച്ച് ആലോചിക്കുന്നുണ്ടോ? | ബി) | പദ്ധതി പ്രകാരം രോഗികൾക്കുള്ള ചികിത്സാ ധനസഹായം ബന്ധപ്പെട്ട ആശുപത്രികളിലേക്കാണ് നൽകി വരുന്നത്. എന്നാൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നുള്ള ഒറ്റത്തവണ ധനസഹായം (5000 രൂപവരെ) രോഗികൾക്ക് നേരിട്ട് നൽകി വരുന്നുണ്ട്. |
| സി) | കാരുണ്യ ചികിത്സാ ധനസഹായം അനുവദിക്കുമ്പോൾ എം.എൽ.എമാർ നൽകിയിരിക്കുന്ന ശുപാർശയാണെങ്കിൽ അനുവദിക്കുന്ന തുകയുടെ വിവരം എം.എൽ.എമാരെ കൂടി അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**